05.03.2026

# സി.എൻ.ജി.എ.ടി.യുടെ വാർഷിക കൂട്ടായ്മ ചൂണ്ടലിൽ

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് നേഴ്സുമാരുടെ സംഘടനയായ സി.എൻ.ജി.എ.ടി.യുടെ നേതൃത്വത്തിൽ ചൂണ്ടൽ സെന്റ് ജോസഫ് ആശുപത്രിയിൽ നേഴ്സുമാരുടെ വാർഷിക കൂട്ടായ്മ സംഘടിപ്പിച്ചു. കർമ്മലീത്ത പ്രൊവിഷ്യൽ സുപ്പീരിയർ റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് ഒ. കാം. ഉദ്ഘാടനം ചെയ്തു. സി.എൻ.ജി.എ.ടി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, വികാരി ജനറാൾ ഫാ.ജെയ്സൺ കൂനംപ്ലാക്കൽ, സി. ചെറുപുഷ്പം സി.എം.സി., സി. സിനി അന്ന എസ്.എൻ.ഡി.എസ്. എന്നിവർ പ്രസംഗിച്ചു. ഡോ. ടോണി ജോസഫിന്റെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു. വിവിധ ആശുപത്രികളിൽ നിന്നുള്ള നേഴ്സുമാർ അവതരിപ്പിച്ച കലാപരിപാടികൾ പരിപാടിക്ക് മാറ്റ് കൂട്ടി. കരുണയുടെ കാവൽമാലാഖമാരായ മുന്നൂറോളം നേഴ്സുമാർ വാർഷിക കൂട്ടായ്മയിൽ പങ്കെടുത്തു